# തലശ്ശേരി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
### ഈസ്റ്റർ പരീക്ഷ - 2017

ക്ലാസ്സ് : VII — സമയം : 2 മണിക്കൂർ
തീയതി : 01-04-2017 — മാർക്ക് : 70

**പദപ്പെട്ടിയിൽനിന്ന് ഉത്തരം എടുത്തെഴുതുക** 5

| |
|---|
| സോളമൻ, ആർച്ച്ബിഷപ്പ് സൂസപാക്യം |
| ഫെർണാണ്ടോ, ഹൃദയം, ദൈവം |

1. പഴയനിയമത്തിൽ മനഃസാക്ഷിയെ സൂചിപ്പിക്കുന്ന പദം.
2. ജ്ഞാനഗ്രന്ഥത്തിന്റെ കർത്താവ്.
3. സത്യത്തിന്റെ പൂർണ്ണത.
4. കെ.സി.ബി.സിയുടെ പ്രസിഡന്റ്.
5. വി. അന്തോനീസിന്റെ മാമ്മോദീസപ്പേര്.

**പൂരിപ്പിക്കുക** 5

6. ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു എന്നതാണ് .................. ന്റെ മഹത്വത്തിന് നിദാനം.
7. സൃഷ്ടികളെന്ന നിലയിൽ ..................... ആരാധിക്കാൻ ഒന്നാം പ്രമാണം നമ്മോട് ആവശ്യപ്പെടുന്നു.
8. ദൈവത്തെ അറിയാനും സ്നേഹിക്കാനും സേവിക്കാനും അങ്ങനെ സ്വർഗ്ഗത്തിൽ എത്തിച്ചേരാനും ...................... നമ്മെ സഹായിക്കുന്നു.
9. ഒരു ക്രൈസ്തവ കുടുംബം എപ്രകാരമായിരിക്കണമെന്ന് ............. നമ്മെ പഠിപ്പിക്കുന്നു.
10. സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ അവർ .................... എന്ന് വിളിക്കപ്പെടും.



**ചേരുംപടി ചേർക്കുക** 5

11. പരസ്നേഹത്തിന്റെ പാരമ്യം - ക്ഷമിക്കുക
12. ക്രൈസ്തവ ജീവിതത്തിന്റെ മുഖമുദ്ര - ശത്രുസ്നേഹം
13. ദൈവസ്നേഹത്തിന്റെ പ്രത്യേകത - സഹോദര സ്നേഹം
14. കല്പനകളുടെ കാതൽ - ദൈവത്തെ സ്നേഹിക്കുക
15. സൃഷ്ടിയുടെ അവകാശവും കടമയും - സ്നേഹം

**ശരിയോ തെറ്റോ എന്ന് എഴുതുക** 5

16. ലൂയിജി ഗൊരോത്തിയും അസൂന്തയുമാണ് മരിയഗൊരേത്തിയുടെ മാതാപിതാക്കൾ.
17. ജന്മനാമുടന്തനായ ഒരുവനെ വി. പൗലോസ് ശ്ലീഹ സുഖപ്പെടുത്തി.
18. സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിന് തന്റെ സമ്പൂർണ്ണ സമർപ്പണത്തിലൂടെ മനുഷ്യൻ നല്കുന്ന പ്രത്യുത്തരമാണ് വിശ്വാസം.
19. യുവാക്കളുടെ മധ്യസ്ഥനായി വി. അന്തോണീസ് വണങ്ങപ്പെടുന്നു.
20. കൂദാശകളുടെ സ്വീകരണം ക്രൈസ്തവജീവിതത്തിന് അത്യന്താപേക്ഷിതമാണ്

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** 5

21. ജോൺപോൾ രണ്ടാമൻ മാർപാപ്പ ഞായറാഴ്ച ആചരണത്തെക്കുറിച്ച് എഴുതിയ അപ്പസ്തോലിക ലേഖനത്തിന്റെ പേരെന്ത്?
22. കത്തോലിക്കാ സഭ എത്ര വ്യക്തിഗത സഭകളുടെ കൂട്ടായ്മയാണ്.
23. AD യുടെ പൂർണ്ണരൂപമായ 'ആനോദോമിനി' എന്ന വാക്കിന്റെ അർത്ഥം.
24. ഭാരതത്തിന്റെ രണ്ടാമത്തെ അപ്പസ്തോലൻ.
25. മാർപ്പാപ്പ, മെത്രാന്മാർ തുടങ്ങിയവരുടെ പേരുകളോട് ചേർത്ത് ഉപയോഗിക്കുന്ന 'മാർ' എന്ന പദത്തിന്റെ അർത്ഥം.

**ബൈബിളിൽനിന്ന് ഉദ്ധരിക്കുക** **5**

26. എങ്ങനെയുള്ളവരാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത് എന്ന് വ്യക്തമാക്കുന്ന തിരുവചനം (മത്തായി 7:21).
27. ദൈവകല്പനകൾ പാലിക്കുന്നവർ അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കും എന്ന് വ്യക്തമാക്കുന്ന തിരുവചനം (യോഹ. 15:10).

**ഉത്തരമെഴുതുക**

28. ലൈംഗിക വിശുദ്ധി എന്നാൽ എന്ത്? **2**
29. മനഃസാക്ഷിരൂപീകരണത്തിന് സഹായിക്കുന്ന രണ്ട് കാര്യങ്ങൾ ഏവ? **3**
30. വി. മരിയ ഗൊരേത്തിയുടെ ആദ്യകുർബാന സ്വീകരണ സമയത്ത് അവളുടെ ഹൃദയത്തിൽ ആഴമായി പതിഞ്ഞ കാര്യങ്ങൾ ഏവ? **3**
31. വി. അലോഷ്യസ് ഗോൺസാഗയുടെ തിരുനാൾദിനം എത്? അദ്ദേഹത്തിന്റെ ജീവിതസന്ദേശം എഴുതുക. **3**
32. കള്ളംപറയൽ എങ്ങനെയാണ് അവകാശലംഘനമാകുന്നത്? **4**
33. ആധുനിക കാലഘട്ടത്തിൽ കുടുംബബന്ധങ്ങൾ തകരുന്നതിന്റെ കാരണങ്ങൾ ഏവ? **4**
34. മോഷണം ഏഴാം പ്രമാണത്തിന് എതിരായ തിന്മയാണ്? മോഷണം നടത്തിയ വ്യക്തി എപ്രകാരമാണ് തന്റെ പാപത്തിന് പരിഹാരം ചെയ്യേണ്ടത്? **4**
35. പ്രകാശത്തിന്റെ നാലും അഞ്ചും രഹസ്യങ്ങൾ എഴുതുക. **5**
36. പുതിയ നിയമ ജനതയായ നാം കർത്താവിന്റെ ദിനമായ ഞായറാഴ്ച ആചരിക്കേണ്ടത് പ്രധാനമായും മൂന്ന് വിധത്തിലാണ്. അവ ഏവയെന്നും ഇത് എപ്രകാരമാണ് നമ്മുടെ ജീവിതത്തിൽ പ്രാവർത്തിമാക്കുന്നതെന്നും വ്യക്തമാക്കുക **5**
37. ദ്രവ്യാസക്തിയെ കീഴടക്കാൻ സഹായിക്കുന്ന പുണ്യങ്ങൾ ഏവ? വ്യക്തമാക്കുക. **7**